പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1361 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ദേശസാത്കൃത റൂട്ടുകൾ

ചോദ്യം
ശ്രീമതി. വീണാ ജോർജ്ജ്

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ കെ.എസ്.ആർ.ടി. സി.യുടെ ദേശസാത്കൃത റൂട്ടുകൾ നിലവിലുണ്ട്; | (എ) | കേരളത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് 201 ദേശസാൽകൃത റൂട്ടുകൾ നിലവിലുണ്ട്. കൂടാതെ സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി. ക്ക് മാത്രമാണ്. |
| (ബി) | പ്രസ്തുത റൂട്ടുകളിലെല്ലാം രാത്രി കാല സർവ്വീസുകൾ നിലവിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇത്തരം റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് സമയപരിധി നിലവിലുണ്ടോ; എങ്കിൽ എത്ര; | (സി) | സമയപരിധി ഇല്ല. |
| (ഡി) | ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസുകൾ ഏ.സി. ബസുകളാക്കുവാനും നല്ല നിലവാരമുള്ളതാക്കുവാനും നടപടി സ്വീകരിക്കുമോ? | (ഡി) | അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബാംഗ്ലൂർ, മൈസൂർ, കൊല്ലൂർ, മണിപ്പാൽ, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ബസ്സുകളും, തിരുവനന്തപുരം – കണ്ണൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സും, മൾട്ടി ആക്സിൽ, സ്കാനിയ, വോൾവോ തുടങ്ങിയ ആഡംബര ബസ്സുകളുപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. കൂടാതെ ജൻറം എ.സി. ബസ്സുകൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | അന്തർ ജില്ലാ ദീർഘദൂര സർവ്വീസുകളും കെ.എസ്.ആർ.ടി.സി നടത്തുന്നുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകൾ സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ ഉയർന്ന ക്ലാസ് സർവ്വീസുകളാക്കി മാറ്റുന്നതിനും വളരെ കുറഞ്ഞ സമയത്തിനുള്ളിൽ (സ്റ്റോപ്പുകൾ കുറച്ച്) ലക്ഷ്യസ്ഥാനത്ത് എത്തുംവിധം 'മിന്നൽ' സർവ്വീസുകൾ തുടങ്ങുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**